പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1426 — 31.10.2019 ൽ മറുപടിയ്ക്ക്

## വൈദ്യുതി ബോർഡിന് നൽകിയ റവന്യൂ ഭൂമിയുടെ അനധികൃതകൈമാറ്റം

**ചോദ്യം**

ശ്രീ.പാറക്കൽ അബ്ദുല്ല

**മറുപടി**

ശ്രീ.ഇ. ചന്ദ്രശേഖരൻ

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | പൊൻമുടി ഡാം പരിസരത്ത് വൈദ്യുതി ബോർഡ് സിവിൽ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ചുമതലയിലുള്ള 21 ഏക്കർ ഭൂമി സംബന്ധിച്ച് അവരറിയാതെ ഹൈഡൽ ടൂറിസം ഡയറക്ടറും രാജക്കാട് സഹകരണ ബാങ്ക് അധികൃതരുമായി കരാറുണ്ടാക്കിയതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ബോർഡിന് അവകാശമില്ലാത്തതും പദ്ധതി ആവശ്യത്തിന് നേരത്തെ ബോർഡിന് കൈമാറിയതുമായ സർക്കാർ തരിശുഭൂമിയാണിതെന്ന് റവന്യൂ റിക്കാർഡുകളിൽ നിന്ന് വ്യക്തമാകുന്നുണ്ടോ; | (ബി) റവന്യൂ റിക്കാർഡുകൾ പ്രകാരം ടി സ്ഥലം റവന്യൂ പുറമ്പോക്കാണ്. |
| (സി) | പതിച്ചു നൽകിയ ആവശ്യത്തിന് ഉപയോഗിച്ചില്ലെങ്കിൽ ഭൂമി തിരിച്ചു നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; | (സി) ഉണ്ട് |
| (ഡി) | ആ നിലക്ക് ബോർഡിന് നൽകിയ റവന്യൂ ഭൂമിയുടെ ഇപ്പോഴത്തെ കൈമാറ്റം അനധികൃതമാണെന്ന് കരുതുന്നുണ്ടോ; | (ഡി) ഉണ്ട് |
| (ഇ) | എങ്കിൽ ഇതു സംബന്ധമായി റവന്യൂ വകുപ്പ് മന്ത്രി ജില്ലാ കലക്ടറോട് റിപ്പോർട്ട് ആവശ്യപ്പെടുക ഉണ്ടായോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ഇ) റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് 05.10.2019-ൽ ഇടുക്കി ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ